(ഡി) നാവിക അക്കാഡമിക്കുവേണ്ടി ഏഴിമലയിൽ 884.3598 ഹെക്ടർ സ്ഥലം ഗവൺമെന്റ് പൊന്നുംവിലയ്ക്ക് എടുത്ത് നാവിക അധികൃതർക്ക് കൈമാറാം ചെയ്യുകയുണ്ടായി.

ശ്രീമതി പി. ദേവൊട്ടി : നാവിക അക്കാഡമിക്ക് വേണ്ടി ആ പ്രദേശവാസികളെ സ്ഥലം മാറ്റി താമസിപ്പിച്ചെങ്കിലും, സൗകര്യപ്രദമായ സ്ഥലത്തല്ല അവരെ താമസിപ്പിച്ചതെന്നും, അവർക്ക് ലൈറ്റില്ല, വെള്ളമില്ല, റോഡില്ല എന്നൊക്കെയുള്ള നിരവധി പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെങ്കിലും നടപടികളെടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : ഇതിനകം തന്നെ വെള്ളം, വെളിച്ചം, റോഡ് പണിയുന്നതിനുള്ള പണം സാംഗ്ഷൻ ചെയ്തു അതിന്റെ വർക്ക് ആരംഭിച്ചിട്ടുണ്ട്. മാറിത്താമസിക്കുന്ന കാര്യത്തിൽ ചിലരെ സംബന്ധിച്ചിടത്തോളം അവർക്ക് അകലെ പോകാൻ നിവർത്തിയില്ല. ഇതിന്റെ പരിസരത്ത് തന്നെ ആവശ്യമായി വന്നതുകൊണ്ട്, നല്ല പൂർണ്ണമായ തൃപ്തിയുള്ള സ്ഥലമല്ലെങ്കിലും, അവിടെ കിട്ടാവുന്നതിൽ വച്ച് ഏറ്റവും നല്ല സ്ഥലങ്ങൾ തന്നെ എടുത്ത് അവർക്ക് കൊടുത്തിട്ടുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

സ്വകാര്യ മേഖലയിൽ മെഡിക്കൽ ലബോറട്ടറി കോഴ്സ്

* 390. [418] ശ്രീ. സി. കെ. തങ്കപ്പൻ :
,, എം. ജിനദേവൻ :
,, കെ. പുരുഷോത്തമൻ :
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) മെഡിക്കൽ ലാബോറട്ടറി ടെക്നീഷ്യൻ കോഴ്സ് സ്വകാര്യ മേഖലയിലേക്ക് വ്യാപിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അത്തരം മാറ്റത്തിന്റെ ആവശ്യകത എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) ലാബോറട്ടറി ടെക്നീഷ്യൻ കോഴ്സ് പാസ്സായിട്ടുള്ള മുഴുവൻ ആളുകൾക്കും ജോലി നൽകിയിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഗവൺമെന്റ് അംഗീകൃത ലാബ് ടെക്നീഷ്യൻ കോഴ്സ് ഇപ്പോൾ സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ മാത്രമാണ് നടക്കുന്നത്. പ്രസ്തുത കോഴ്സ് സ്വകാര്യമേഖലയിൽ അനുവദിക്കുന്നതിന് ഉദ്ദേശമില്ല

(ബി) ചോദ്യം പ്രസക്തമല്ല.

(സി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly